## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.988 | 28.04.2017- ൽ മറുപടിയ്ക്ക്

## വക്കോ ആന്റ് കമ്പനിയുടെ വസ്തുവകകൾ

**ചോദ്യം:**
**ശ്രീ. ജോൺ ഫെർണാണ്ടസ്**

**മറുപടി:**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) എറണാകുളം ജില്ലയിലെ തോപ്പുംപടി, ഇടക്കൊച്ചി, പള്ളുരുത്തി എന്നീ വില്ലേജുകളുടെ വിവിധ ഭാഗങ്ങളിൽ വക്കോ ആന്റ് കമ്പനിയുടെ പേരിൽ ഉണ്ടായിരുന്നതും സെയിൽസ് ടാക്സ് കുടിശ്ശികയുടെ പേരിൽ ജപ്തി നടപടികൾ വഴി സർക്കാർ ഏറ്റെടുക്കുകയും ചെയ്ത വസ്തുവകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എ) തോപ്പുംപടി, പള്ളുരുത്തി വില്ലേജിൽ വക്കോ ആന്റ് കമ്പനിയുടെ പേരിൽ വസ്തുവകകൾ ഇല്ല. ഇടക്കൊച്ചി വില്ലേജിൽ ടി സ്ഥാപനത്തിന്റെ പേരിൽ ഉണ്ടായിരുന്നതും സെയിൽസ് ടാക്സ് കുടിശ്ശിക ഈടാക്കുന്നതിന് ജപ്തി നടപടി സ്വീകരിച്ച് ബോട്ട്-ഇൻ-ലാൻഡ് ആക്കിയിട്ടുള്ളതുമായ വസ്തുക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| സർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|
| 349/1, 2<br>350/1, 2, 4, 5 | 01.23.00 ഏക്കർ |
| 287/2<br>289/1,2,3,4,8 | 01.69.420 ഏക്കർ |

(ബി) ഇതിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ സർക്കാരിനാണോ;

(ബി) ഇടക്കൊച്ചി വില്ലേജിലെ പ്രസ്തുത ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആക്കി സർക്കാരിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമിയിൽ നിന്നും ആർക്കെല്ലാം ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) പ്രസ്തുത ഭൂമിയിൽ നിന്നും ആർക്കും ഭൂമി നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ